LIBRARY ARCHIVES Kerala Legislative Assembly

ശാലയുണ്ടാക്കിയെടുക്കുന്നതിനുവേണ്ട എല്ലാവിധ ഇൻഫ്രാസ്ട്രക്ചറും അടുത്ത ജനുവരി മാസത്തോടെ പ്രിപ്പയർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. അതിന് സാങ്കേതിക വശങ്ങൾ കൂടിയുണ്ട്. നയപരമായ തീരുമാനമെടുക്കണം. അതിനാവശ്യമായ സാമ്പത്തിക സപ്പോർട്ട് വേണം. ഇതെല്ലാം ഇതിനപ്പുറത്ത് നിൽക്കുന്ന കാര്യങ്ങളാണ്. എന്നാലും അങ്ങ് പറഞ്ഞ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. NISAG എന്ന ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം ഒരു കായിക സർവ്വകലാശാലയ്ക്കു വേണ്ടിയുള്ള ശ്രമവും തുടരുന്നതാണ്.

9. സ്റ്റേഡിയം നിർമ്മാണം

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, പട്ടാമ്പിയുടെ 50 കിലോമീറ്ററിനുള്ളിൽ ഒരു ടൂർണ്ണമെന്റ് നടത്താനോ ഇതര ഗെയിംസുകൾ നടത്താനോ ആവശ്യമായ ഒരു സ്റ്റേഡിയത്തിന്റെ അഭാവമുണ്ട്. എം.എൽ.എ.-യുടെ അസറ്റ് മെയിന്റനൻസ് ഫണ്ടിൽനിന്നും പണം മുടക്കാം. ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്ന പട്ടാമ്പി ശ്രീനീലകണ്ഠ സംസ്കൃത കോളേജ് ഗ്രൗണ്ടിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്പോർട്സ് വകുപ്പ് നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞതുപോലെ ഇതുസംബന്ധിച്ച വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിച്ചാൽ ബന്ധപ്പെട്ടയാളുകളെക്കൂടി വിളിച്ചിരുത്തി പിന്നീട് വിശദമായ ചർച്ച നടത്താം. അങ്ങയുടെകൂടി അഭിപ്രായം ഗവൺമെന്റ് ആരായും. അതിനുശേഷം മറ്റ് നടപടികളിലേയ്ക്ക് പോകുന്നതാണ്.

10. വീട്ടുനമ്പർ നൽകൽ

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, ഇടുക്കി ജില്ലയിൽ വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ ഇന്ന് പഞ്ചായത്തിൽനിന്ന് വീട്ടുനമ്പർപോലും നൽകാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അഥവാ നമ്പർ നൽകുന്നുവെങ്കിൽ അത് unauthorized number ആണ്. വാർഡ് പുനഃക്രമീകരിച്ചപ്പോൾ പഴയ കെട്ടിട നമ്പറുണ്ടായിരുന്നതിനു മാത്രമാണ് പുതിയ നമ്പർ നൽകിയിട്ടുള്ളത്. പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചാലും പഞ്ചായത്തിൽ നമ്പരിട്ട് കൊടുക്കുന്നില്ല. വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിയിൽ പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ കുടുംബനാഥൻ

മരണമടഞ്ഞാൽ നിയമാനുസൃത അവകാശിക്ക് വീട് കൈമാറ്റം ചെയ്യുകൊടുക്കുന്ന തിനുപോലും തടസ്സം നേരിടുന്നുണ്ട്. പട്ടയത്തിന് അപേക്ഷ നൽകി, പട്ടയത്തിന് അർഹതയും അവകാശവുമുള്ള ടി കർഷകർക്ക് അവരുടെ വീടും അനുബന്ധ സൗകര്യങ്ങളും ഇന്ന് നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ടാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. തീർച്ചയായും ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം.

അതോടൊപ്പം പരമ്പരാഗതമായി ലഭിക്കുന്ന പുരയിടത്തിൽ വീട് വച്ച് താമസിച്ചാൽ അവർക്ക് വീട്ടുനമ്പർ കൊടുക്കാത്തതിനാൽ അതുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷനോ വാട്ടർ കണക്ഷനോ അപേക്ഷിക്കാൻ കഴിയുന്നില്ല. അതിനാവശ്യമായ ഒരു രേഖകളും ലഭ്യമാകുന്നില്ല. അതിനാൽ ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഉത്തരവ് നൽകി ഇടുക്കിയിലെ ജനങ്ങൾക്ക് സ്വാഭാവികമായുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കിത്തരണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ഇടുക്കി ജില്ലയിൽ ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിൽ വീട് വച്ച് താമസിക്കുന്നവർക്ക് കെട്ടിടം അനധികൃതമാണോ അല്ലയോ എന്ന് പരിശോധിക്കാതെ തന്നെ 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 4-8-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 211/2012 പ്രകാരം താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി വരുന്നു. വർഷങ്ങളായി കൈവശത്തിലുള്ളതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ ഉടമ മരണമടയുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ മാത്രം ഉടമസ്ഥാവകാശം അർഹരായ അവകാശികൾക്ക് മാറ്റി നൽകുന്ന വിഷയം പരിശോധിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

11. പുളിക്കാട് ആർ.ഒ.ബി.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, പുളിക്കാട് മണ്ഡലത്തിലെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ് പുളിക്കാട് റെയിൽവേ മേൽപ്പാലം. തെക്കുനിന്നും വരുന്ന എല്ലാ ട്രെയിനുകളും ഇതുവഴിയാണ് കടന്നുപോകുന്നത്. അതിനാൽ മിക്കവാറും റെയിൽഗേറ്റ് അടഞ്ഞുകിടക്കുന്നതുകൊണ്ട് വളരെയേറെ സമയം മോട്ടോർ വാഹനങ്ങളും യാത്രക്കാരും കാത്തുനിൽക്കേണ്ട ഒരു സ്ഥിതിയുണ്ട്. എന്നാൽ ഇവിടെ ഇതുവരെ ഒരു റെയിൽവേ മേൽപ്പാലമെന്ന ആശയം സാർത്ഥകമായിട്ടില്ല. അതിനാൽ മണ്ഡലത്തിൽ ഏറെ പ്രാധാന്യമുള്ളതും എല്ലാ ജനങ്ങളുടെയും ആവശ്യവുമായ പുളിക്കാട് റെയിൽവേ മേൽപ്പാലത്തിന് വേണ്ട തുക അനുവദിച്ച് നിർമ്മാണപ്രവർത്തനം ആരംഭിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly